**കേരളസർക്കാർ**

**ധനകാര്യ (ഭരണം - സി) വകുപ്പ്**

**<u>സർക്കുലർ</u>**

നം.55/2018/ധന.                                        തീയതി, തിരുവനന്തപുരം, 18.06.2018.

വിഷയം:- ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - അഭിപ്രായം/അന്വേഷണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ഫയൽ സമർപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 14.10.2014 തീയതിയിലെ 92/ഭരണം-സി2/2014/ധന. നമ്പർ സർക്കുലർ.

ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ഫയൽ ലഭ്യമാക്കുന്നതിനും ഫയലുകളിന്മേലുള്ള അഭിപ്രായം സ്വീകരിക്കുന്നതിനും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളുടെ അഡീഷണൽ സെക്രട്ടറിമാരെ സൂചന പ്രകാരം അധികാരപ്പെടുത്തിയിരുന്നു. എന്നാൽ പല വകുപ്പുകളും ഇക്കാര്യം ഗൗരവമായി കാണുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടുകയുണ്ടായി. ടി സാഹചര്യത്തിൽ പൊതുമരാമത്ത് ഉൾപ്പെടെയുള്ള എല്ലാ വകുപ്പ് തലവൻമാർക്കും, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മരാമത്ത്/സാങ്കേതികം/വ്യവഹാരം/കരാർ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനറെ ഒരു കാരണവശാലും കക്ഷി ചേർക്കാൻ പാടുള്ളതല്ല.
2. ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അന്വേഷണത്തിനും അഭിപ്രായത്തിനുമായുള്ള ഫയലുകൾ ധനകാര്യ വകുപ്പ് മുഖേന മാത്രമേ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ലഭ്യമാക്കാവൂ. അന്വേഷണത്തിനും അഭിപ്രായത്തിനുമായി വകുപ്പുകൾ പ്രസ്തുത ഓഫീസുമായി നേരിട്ട് ഫയൽ കൈമാറ്റം ചെയ്യുന്ന നടപടി ഒഴിവാക്കേണ്ടതാണ്.
3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സാങ്കേതിക വിഷയങ്ങളിൽ അന്വേഷണം നടത്തി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ വിശദമായ അന്വേഷണം അന്തിമ ഘട്ടത്തിൽ ശുപാർശ ചെയ്യുന്ന രീതി ഒഴിവാക്കേണ്ടതാണ്. വിജിലൻസ് ആന്വേഷണത്തിന് സാങ്കേതിക സഹായം ആവശ്യമായി വരികയാണെങ്കിൽ സർക്കാരിന്റെ മറ്റു വകുപ്പുകളിലെ വിദഗ്ധരുടെ സേവനം തേടേണ്ടതാണ്. അന്വേഷണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സഹായം ആവശ്യമാണെങ്കിൽ ധനകാര്യ വകുപ്പ് മുഖേന മാത്രം സമീപിക്കേണ്ടതാണ്.

**ഡോ.ഷർമിള മേരി ജോസഫ്**
**ധനകാര്യ (വ്യയം) സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പിലെ എല്ലാ അഡീഷണൽ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും.
പൊതുമരാമത്ത് ഉൾപ്പെടെ എല്ലാ വകുപ്പ് തലവന്മാർക്കും.
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വകുപ്പിന്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ (നം.ഭരണം.സി-2/84/2014/ധന (28798)) / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ